സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഐക്കരനാട് ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-19


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് ഓഫീസ്**

**എറണാകുളം**

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം.(പി.1)1555/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
തീയതി. 03.12.2019
e-mail.lfadekm@gmail.com

ഫോൺ – 0484- 247771

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ,
ഐക്കരനാട് ഗ്രാമപഞ്ചായത്ത് (സെക്രട്ടറി മുഖേന)

സർ,

വിഷയം :ഐക്കരനാട് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.-ഇ.കെ.എം.(പി.1)1555/19 തീയതി: 03.12.2019

## എറണാകുളം ജില്ലയിലെ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ

## 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

എറണാകുളം ജില്ലയിലെ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19-സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.10.2018 മുതൽ 14.8.2019വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | വിനോദ് കെ.കെ., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 16.8.2019 മുതൽ 31.8.2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ.അജിതൻ ടി.എൻ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ ഹരീഷ് ബാബു എൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി കവിത എസ്. കണ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ കെ.കെ. രാജു | 1.4.2018 | 31.3.2019 |
| വൈസ് പ്രസിഡന്റ് | ശ്രീമതി പത്മാവതി അമ്മ | 1.4.2018 | 31.3.2019 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| വികസന കാര്യം | ശ്രീ വർഗ്ഗീസ് എൻ കെ. | 1.4.2018 | 31.3.2019 |
| ക്ഷേമകാര്യം | ശ്രീമതി മിനി സണ്ണി | 1.4.2018 | 31.3.2019 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീ ജോസ് ജേക്കബ് | 1.4.2018 | 31.3.2019 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീമതി ബിന്ദു ആർ. | 1.4.2018 | 31.3.2019 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി രശ്മി എസ്. | 1.4.2018 | 31.3.2019 |

**<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി അഞ്ജു പോൾ | 1.4.2018 | 31.3.2019 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി, കടയിരുപ്പ് | ഡോ. രാജലക്ഷ്മി | 1.4.2018 | 31.3.2019 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ ജോബി വർഗ്ഗീസ് | 1.4.2018 | 31.3.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ബിൻസ | 1.4.2018 | 17.7.2018 |
| | ശ്രീമതി വന്ദന വി | 18.7.2018 | 31.3.2019 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (കടയിരുപ്പ് ) | അനൂപ് പോൾ | 1.4.2018 | 31.3.2019 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (കോലഞ്ചേരി) | ശ്രീ ജോബിൻസ് | 1.4.2018 | 31.3.2019 |
| വെറ്റിനറി സർജൻ | ഡോ. സിമില്യ പി. ജോർജ് | 1.4.2018 | 31.3.2019 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ ദിനേശ് ടി.എം. | 1.4.2018 | 31.3.2019 |
| | ശ്രീ എം.പി.ജോസ് | 1.4.2018 | 31.3.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി റഫീന ബീവി എം.എം | 1.4.2018 | 31.3.2019 |
| ഹെഡ്മിസ്ട്രസ് , GLPS പാങ്കോട് | ശ്രീമതി കുസുമം എൻ.എം. | 1.4.2018 | 31.3.2019 |

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-12 |
| 13 | ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക അടവാക്കിയതിന്റെ വിവരം | 1-13 |
| 14 | വാടക പിരിച്ചത് ദുരിതാശ്വാസ നിധിയിലേക്ക് വരവ് വച്ചു | 1-14 |
| 15 | ഓൺലൈൻ വസ്തു നികുതി അടവാക്കുന്നതിലെ പിഴവ്- | 1-15 |
| 16 | പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി അടയ്ക്കുന്നില്ല | 1-16 |

| | | |
|---|---|---|
| 17 | കെട്ടിടങ്ങളുടെ വാടക – കുടിശ്ശിക പൂർണമായി ഈടാക്കിയില്ല | 1-17 |
| 18 | സർക്കാർ അംഗീകരിച്ച നിരക്കിലും അധികമായി തുക നൽകി | 1-18 |
| 19 | പൈപ്പ് ലൈൻ സ്ഥാപിച്ചതിലെ അപാകതകൾ | 1-19 |
| 20 | മരുന്നുകൾ പൂർണമായി ലഭ്യമായില്ല | 1-20 |
| 21 | വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല | 1-21 |
| 22 | പ്രവൃത്തി ഏറ്റെടുക്കാതിരുന്ന കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതൽ കൂട്ടിയില്ല | 1-22 |
| 23 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ- അപാകതകൾ | 1-23 |
| 24 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-24 |
| | ഭാഗം 2 | |
| | ഇല്ല | |
| | ഭാഗം 3 | |
| 25 | അങ്കണവാടിക്ക് കസേര വാങ്ങിയതിലെ അപാകത | 3-1 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 33 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |


## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 ലേക്കുള്ള ബജറ്റ് 26.3.2018 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ

ബജറ്റ് 23.1.2019 തിയതിയിലെ നാലാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2. വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 30.04.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 6.6.2019 & 7.6.2019 | KSA EKM (PG) 1227 (26) /19 /1.8.2019 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32552783.25 |
| വരവ് | 97286323.00 |
| ആകെ | 129839106.25 |
| ചെലവ് | 64242516.00 |
| നീക്കിയിരിപ്പ് | 65596590.25 |

## 1-5. ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11386574 | 11386574 | 11386574 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 8897000 | 8897000 | 7625716 | 0 | 1271284 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 155000 | 155000 | 0 | 0 | 155000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 17321000 | 17321000 | 17321000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2780000 | 2780000 | 1735748 | 0 | 1044252 |
| ധനകാര്യകമ്മീഷൻ അവാർഡ് | 0 | 7001293 | 7001293 | 2755265 | 0 | 4246028 |
| കെ. എൽ. എസ്. ജി. ഡി. പി | 0 | 0 | 0 | 0 | 0 | 0 |
| എം.എൻ.ആർ.ഇ. ജി.എസ്. | 48717 | 370540 | 419257 | 379202 | 40055 | 0 |
| ദുരിതാശ്വാസ നിധി | 20215 | 92253 | 112468 | 23000 | 89468 | 0 |
| ട്രഷറി ടി. എസ്. ബി. ജോയിന്റ് വെഞ്ചർ | 0 | 7444810 | 7444810 | 1281810 | 6163000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി) | 41007 | 17516898 | 17557905 | 8011404 | 9546501 | 0 |
| ഹഡ്കോ SGRY | 239856.22 | 7171 | 247027.22 | 218315 | 28712.22 | 0 |
| മറ്റു ഫണ്ടുകൾ | 0 | 138000 | 138000 | 138000 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| തനത് ഫണ്ട് | 31831790.33 | 29858209 | 61689999.33 | 14098412 | 47591587.33 | 0 |
| സാക്ഷരത | 2931.70 | 78979 | 81910.70 | 77341 | 4569.70 | 0 |
| ശുചിത്വ മിഷൻ | 292000 | 1480000 | 1772000 | 140000 | 1632000 | 0 |
| സമ്പൂർണ്ണ ശുചിത്വം | 0 | 359900 | 359900 | 107800 | 252100 | 0 |
| ലൈബ്രറി ഗ്രാന്റ് | 0 | 31400 | 31400 | 31400 | 0 | 0 |
| ബി. ഫണ്ട് | 0 | 98480 | 98480 | 98480 | 0 | 0 |

# 1-6. പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 225 | 96911795 | 124 | 48045422 | 17 | 84 | 55 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 48717 | 343471 | 392188 | 352133 | 40055 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 8913548 | 8913548 | 8913548 | 0 |
| ആകെ | 48717 | 9257019 | 9305736 | 9265681 | 40055 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 36480 | 19 |
| കർഷകതൊഴിലാളി പെൻഷൻ | 4599600 | 368 |
| വിധവാപെൻഷൻ | 8525900 | 720 |
| വാർദ്ധക്യകാല പെൻഷൻ | 12324200 | 1064 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1967200 | 155 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 499400 | 41 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.8.2019 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30491/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 അഭ്യന്തര നിയന്ത്രണം

പൊതു മരാമത്ത്

a) ഇ ടെണ്ടറുകളുടെ അബ്സ്ട്രാക്ട് ഫയലിൽ സൂക്ഷിക്കുന്നില്ല. ഇതിന്റെ അഭാവത്തിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനെ നിശ്ചയിച്ചതിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. മാത്രവുമല്ല, ടെണ്ടറിൽ എത്ര പേർ പങ്കെടുത്തു എന്നത് വിലയിരുത്തുന്നതിനും കഴിയാതെ പോകുന്നു. ഇത് ഫയലിൽ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

b) ടെണ്ടറുകൾ റീ ടെണ്ടർ ചെയ്യുമ്പോൾ ആയതിന്റെ വിവരം ഫയലിൽ രേഖപ്പെടുത്തുന്നില്ല. റീ ടെണ്ടർ ചെയ്യുമ്പോൾ ആയത് കാര്യകാരണസഹിതം ഫയലിൽ രേഖപ്പെടുത്തേണ്ടതാണ്.

c) അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ എസ്.ബി.ടി. കടയിരുപ്പ് ബ്രാഞ്ചിൽ ഒരു അക്കൗണ്ട് ഉണ്ട്. ( നം 67328794685 ) . ഈ അക്കൗണ്ടിൽ 12132/- രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക പഞ്ചായത്തിന്റെ കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുകയോ, കണക്കുകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

d) മോണിറ്ററിംഗ് : ഏതൊരു പ്രൊജക്ടിന്റേയും ജയപരാജയങ്ങൾ വിലയിരുത്തുന്നത് കൃത്യമായ മോണിറ്ററിംഗിലൂടെയാണ്. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് കൃത്യമായി നടപ്പിലാക്കുന്നില്ല. പ്രൊജക്ടുകളിൽ കൃത്യമായി മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

e) ഏറ്റെടുത്ത മുഴുവൻ പ്രൊജക്ടുകളും നടപ്പിലാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ ഏറ്റെടുത്ത പ്രൊജക്ടുകളിൽ ഭൂരിഭാഗവും നടപ്പിലാക്കാൻ കഴിഞ്ഞില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ആകെ പ്രൊജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയത് | തൻവർഷം നടപ്പിലാക്കാത്തത് | ആകെ അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|---|---|
| 135 | 72 | 63 | 5,80,97,105 | 2,53,22,660 |

ഏറ്റെടുക്കുന്ന മുഴുവൻ പ്രൊജക്ടുകളും സമയബന്ധിതമായി നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ ഭാവിയിൽ സ്വീകരിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7.3.2019 | 02/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.7.2016 | 2011-12 മുതൽ 2015-16 വരെ | 6.9.2016 |

# 1-12 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.

# 1-13 ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക അടവാക്കിയതിന്റെ വിവരം

1) G.O ( P) 80/17/LSGD, 31.10.17 (RD) നമ്പർ വിജ്ഞാപന പ്രകാരം (SRO- 674/17) 10 കോടിക്ക് മുകളിൽ മൂലധന നിക്ഷേപമുള്ള ഉൽപ്പാദന യൂണിറ്റുകളിൽ നിന്നും പരമാവധി 15000/- രൂപ വരെ പഞ്ചായത്തിന് ലൈസൻസ് ഫീസിനത്തിൽ ഈടാക്കാവുന്നതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സിമേഗ ഫുഡ് ഇൻഗ്രീഡിയെന്റ്സ് ലിമിറ്റഡ്, പ്ലാന്റ് ലിപ്പിഡ്സ് കോണ്ടിമെന്റ്സ് ഇ.ഒ.യു ഡിവിഷൻ എന്നീ കമ്പനികളിൽ നിന്നും അവയുടെ മൂലധന നിക്ഷേപത്തിനനുസരിച്ച് ലൈസൻസ് ഫീസ് കണക്കാക്കി ഈടാക്കിയിരുന്നില്ല. കേരള സംസ്ഥാന

മലിനീകരണ ബോർഡിന്റെ സാക്ഷ്യപത്ര പ്രകാരം ടി കമ്പനികൾക്ക് യഥാക്രമം 64.86/- (No-PCB/HO/EKM-2/ICO-R/03/2018, 29.8.18), 10.42/- (No- 7066092, 25.7.18) കോടി രൂപയുടെ മൂലധന നിക്ഷേപം ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ഓഡിറ്റ് എൻക്വയറിയിലൂടെ സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ (എൻക്വയറി നം-5 തീയതി-21.8.19) പുതുക്കിയ നിരക്കിലുള്ള ലൈസൻസ് ഫീസ് മേൽ കമ്പനികളിൽ നിന്നും ഈടാക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഈടാക്കിയ തുക | രസീത് നം., തീയതി |
|---|---|---|
| സിമേഗ ഫുഡ് ഇൻഗ്രീഡിയെന്റ്സ് ലിമിറ്റഡ്, | 6995/-<br>3005/- | 119010500123/27.8.2019<br>119010102657/27.8.2019 |
| പ്ലാന്റ് ലിപ്പിഡ്സ് കോണ്ടിമെന്റ്സ് ഇ.ഒ.യു ഡിവിഷൻ | 10000/- | 119010102686/29.8.19 |

2) സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി രൂപീകരണം എന്ന പ്രോജക്ട് പ്രകാരം പദ്ധതിരേഖ, പ്രോജക്ട് നിർദ്ദേശങ്ങൾ, മുതലായവ (ബിൽ നം. 4/18-19, 25.06.18, 140150/- പ്രകാരം) പ്രിന്റ് ചെയ്ത പ്രിന്റേഴ്സ് ഓഫ്-സെറ്റ്, കോളേജ് ജംഗ്ഷൻ, കോലഞ്ചേരി എന്ന സ്ഥാപനത്തിൽ നിന്നും ആദായ നികുതി നിയമത്തിലെ 194 (c)പ്രകാരം ഈടാക്കേണ്ടിയിരുന്ന 2% നികുതി തുകയായ 2,803/-രൂപ ഈടാക്കിയിരുന്നില്ല. ആയത് ഓഡിറ്റ് എൻക്വയറിയിലൂടെ സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ (എൻക്വയറി നം-11 തീയതി-27.8.19) ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും 29.08.2019 ലെ 119010102675-ാം നമ്പർ രസീത് പ്രകാരം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

3) 1996 ലെ കേരള പഞ്ചായത്ത് രാജ് ( തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3ൽ നിഷ്കർഷിക്കുന്നതനുസരിച്ച് പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്നതും തൻവർഷം തൊഴിലാളികളുടെ നികുതി അടവാക്കിയതുമായ സൺലൈറ്റ് ഇലക്ട്രോ കെമിക്കൽസ് (പ്രൈ.) ലിമിറ്റഡ് എന്ന കമ്പനിയിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന് എൻക്വയറി മുഖേന സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ (നം-2, തീയതി-19.8.19) നികുതിയിനത്തിൽ ടി സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടിയിരുന്ന 2,500/- രൂപ രസീത് നമ്പർ നം -119010102575 പ്രകാരം 21.8.2019 ൽ അടവാക്കിയിട്ടുണ്ട്.

# 1-14 വാടക പിരിച്ചത് ദുരിതാശ്വാസ നിധിയിലേക്ക് വരവ് വച്ചു

22.2.19 ൽ 10,000/- രൂപ ( രസീത്.നം 18010106346 ) ഫ്രണ്ട് ഓഫീസ് കളക്ഷനായി ലഭിക്കുകയും ആയത് Other Receipts എന്ന ഹെഡിൽ വരവ് വക്കുകയും ചെയ്തതായി രസീത് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. പിന്നീട് ടി തുക സഹകരണ ബാങ്കിലെ ദുരിതാശ്വാസ നിധി അക്കൗണ്ടിലേക്ക് 25.2.19 ൽ മാറ്റി നിക്ഷേപിക്കുകയും ചെയ്തു ( അക്കൗണ്ട് നം - 00728100000005 ). മേൽ തുക ഏതിനത്തിലുള്ള വരവാണെന്നതിന്റേയും ദുരിതാശ്വാസ നിധിയിലേക്ക് തുക നിക്ഷേപിച്ചതിന്റെ കാരണവും അറിയിക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-1 തീയതി-17/8/19) മറുപടിയായി ആയത് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നടത്തിയ പരിശീലന പരിപാടിക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമറ്റം കമ്മ്യൂണിറ്റി ഹാൾ വാടകക്ക് നൽകിയ വകയിൽ ലഭിച്ച തുകയാണെന്നും ഹാൾ വാടക സംബന്ധിച്ച് തയ്യാറാക്കിയ ബൈലോ നാളിതുവരെ അംഗീകരിച്ച് ലഭ്യമാവാത്തതിനാലാണ് ടി തുക വാടകയിനത്തിൽ വരവ് വയ്ക്കാതെ ദുരിതാശ്വാസ നിധിയിൽ നിക്ഷേപിച്ചതെന്നും അറിയിച്ചിട്ടുണ്ട്.

കമ്മ്യൂണിറ്റി ഹാൾ ബൈലോ അംഗീകരിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സൂചിത തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-15 ഓൺലൈൻ വസ്തു നികുതി അടവാക്കുന്നതിലെ പിഴവ്-

വസ്തു നികുതി ഓൺലൈനായി അടവാക്കുന്നതിന് പഞ്ചായത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ ഒരു കറന്റ്

അക്കൗണ്ട് (അക്കൗണ്ട് നം. 37243015337) തുടങ്ങിയിട്ടുണ്ട്. ഇതിന്റെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ തുകകൾ അടവാക്കിയ വ്യക്തികളുടെ പേരിനു പകരം Bulk Posting -IKM-Epay എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഒരു ദിവസം തന്നെ ഒന്നിലധികം തുകകൾ ഈ പേരിൽ ഈ പാസ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുകകൾ IKMൽ വന്നതായി രേഖപ്പെടുത്തുന്നതിനും, ഒരേ ദിവസം സംയുക്തമായി ഒറ്റ transfer ആയി രേഖപ്പെടുത്തുന്നതിനും പകരം ഒന്നിലധികം രേഖപ്പെടുത്തലുകൾ വന്നതിന്റെ കാരണം വ്യക്തമല്ല.

ഈ അക്കൗണ്ടിൽ വസ്തു നികുതി അടവാക്കുന്ന അവസരത്തിൽ തന്നെ സഞ്ചയാ ഓൺലൈൻ വസ്തുനികുതിയ്ക്കുള്ള സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റാകുകയും വസ്തു നികുതി അടവാക്കുന്ന പ്രസ്തുത വ്യക്തിക്ക് അടച്ച തുകയുടെ രസീത് ലഭ്യമാകുകയും ചെയ്യുന്നു. എന്നാൽ ഈ തുക പഞ്ചായത്തിന് ലഭ്യമാകുന്നത് ഐ.കെ.എം.ൽ നിന്നും ട്രാൻസ്ഫർ ചെയ്യുമ്പോൾ മാത്രമാണ്. അത്രയും ദിവസം ഈ തുകയും അതിന്റെ പലിശയും പഞ്ചായത്തിന് ലഭ്യമാകുന്നില്ല.

സാങ്കേതിക കാരണം കൊണ്ട് ബാങ്ക് അക്കൗണ്ടിലെ തിയതിയും സഞ്ചയയിലെ വസ്തുനികുതി വരുന്ന തിയതിയും തമ്മിൽ പൊരുത്തപെടാതെ പോകുന്നു. പല ദിവസങ്ങളിലും ഇവ തമ്മിൽ അന്തരമുണ്ടാകുന്നു. രണ്ടു ദിവസത്തെ ട്രാൻസാക്ഷൻ വിവരങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

<u>പഞ്ചായത്തിലെ പാസ്സ് ബുക്ക് പ്രകാരമുള്ള വിവരം</u>

| Date of cr. in a/c | Particulars | Deposit Amount |
|---|---|---|
| 22.01.2019 | Bulkposting- I K M -Epay | 738 |
| 23.03.2019 | Bulkposting- I K M -Epay | 8394 |

മുകളിൽ കാണിച്ചിരിക്കുന്ന ടേബിളിലെ ട്രാൻസാക്ഷൻ നടന്ന വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Receipt Date | Payee Name | Deposit Amount | |
|---|---|---|---|
| 13.01.2019 | ജേക്കബ് മാത്യു,<br>വടക്കേടത്ത്, പെരിങ്ങോൾ | **738** | പഞ്ചായത്ത് ഫണ്ടിൽ തുക ക്രഡിറ്റ് ആയത് 22.01.2019 -ൽ മാത്രമാണ്. |
| 01.03.2019 | സുനിത,<br>തച്ചുകുഴിയിൽ, മാങ്ങാട്ടൂർ | 361 | പഞ്ചായത്ത് ഫണ്ടിൽ തുക ക്രഡിറ്റ് ആയത് 23.03.2019-ൽ മാത്രമാണ്. |
| " | ജോസഫ് ജോൺ,<br>എംബാശ്ശേരി, പാറേപ്പീടിക | 978 | |
| " | എൽദോ,<br>മുട്ടത്തോടൻ, പഴന്തോട്ടം | 426 | |
| 02.03.2019 | അജിത്ത്കുമാർ & ലക്ഷ്മിക്കുട്ടി,<br>എള്ളുവാര്യത്ത്, കടയിരുപ്പ് | 19 | |
| 03.03.2019 | പ്രീതി വിനീഷ്,<br>കുഴിക്കാട്ടിൽ പറമ്പിൽ, കാണിനാട് | 402 | |
| 05.03.2019 | അജിത്ത്കുമാർ,<br>ഞാറക്കാട്ടിൽ, കടയിരുപ്പ് | 768 | |
| 06.03.2019 | ശാരദാമ്മ,<br>കുട്ടകാഞ്ഞിരത്തിങ്കൽ, പഴന്തോട്ടം | **625** | |
| " | എൽദോ മാത്യു,<br>മനയത്ത്, പാങ്കോട് | 876 | |
| " | എൻ എം മാത്തുക്കുട്ടി,<br>ഞാളത്ത്, മാങ്ങാട്ടൂർ | 341 | |
| | | | |

| | | | |
|---|---|---|---|
| 07.03.2019 | ജോസഫ് മത്തായി,<br>കൊട്ടവേലിക്കുളത്ത്, വടയമ്പാടി | 64 | |
| | ആന്റണി മത്തായി,<br>കൊട്ടവേലിക്കുളത്ത്, വടയമ്പാടി | 64 | |
| | സാജു പി എം,<br>പുതുപ്പാടിയിൽ, പാങ്കോട് | 936 | |
| 09.03.2019 | കുര്യാക്കോസ് ടി പി,<br>ഐനാട്ട്, കടയിരുപ്പ് | 1481 | |
| | മധു സി എസ്,<br>ചിറാൽ, പാറേപ്പീടിക | 60 | |
| | അബി കെ തോമസ്,<br>കഴുനിലത്തിൽ, പാറേപ്പീടിക | 993 | |
| | | **8394** | |

ഓൺലൈൻ വസ്തു നികുതി അക്കൗണ്ട് കറന്റ് അക്കൗണ്ട് ആയതുകൊണ്ട് പലിശ ഇനത്തിൽ പഞ്ചായത്തിന് യാതൊരു തുകയും ലഭ്യമാകാത്ത സാഹചര്യത്തിൽ കൃത്യമായ ഇടവേളകളിൽ ഈ അക്കൗണ്ടിലെ തുക പിൻവലിച്ച് തനത് ഫണ്ടിൽ ചേർക്കാത്തതും വിശദീകരിക്കുവാൻ ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ അപാകത പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. 30.07.2019 ൽ 247070/-രൂപ എസ് ബി ഐ ഓൺലൈൻ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളതായി ശ്രദ്ധയിൽപ്പെട്ടു. ഈ തുക തനത് ഫണ്ടിലോട്ട് മാറ്റുകയോ അല്ലാത്തപക്ഷം ഇതിൽ നിന്ന് പഞ്ചായത്തിനുള്ള ചെലവുകൾ നടത്തുകയോ ചെയ്യേണ്ടതാണ്.

## 1-16 പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി അടയ്ക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ 13ാം വാർഡിലുള്ള ഹെർബൽ ഐസോലേറ്റ്സ് എന്ന സ്ഥാപനത്തിന്റെ 218 മുതൽ 239 വരെയുള്ള കെട്ടിടങ്ങളുടെ പുതുക്കിയ വസ്തുനികുതി നാളിതു വരെയും അടവാക്കിയിട്ടില്ല. 2013-14 ന് മുൻപ് അസസ് ചെയ്ത കെട്ടിടങ്ങളുടെ നികുതി സർക്കാർ ഉത്തരവ് (എം.എസ്) 88/13/ ത.സ്വ.ഭ.വ,തീയതി 13.03.2013 ലെ ഉത്തരവ് പ്രകാരം പുനർ നിർണ്ണയിച്ചു നൽകിയിരുന്നു. നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ സ്ഥാനത്ത് കൂട്ടിച്ചേർത്ത നിരവധി കെട്ടിട ഭാഗങ്ങൾ ഉണ്ടായിരുന്നതിനാൽ കെട്ടിട നികുതി പുനർ നിർണ്ണയിച്ചത്. എന്നാൽ കൂടിയ നികുതി ആയതിനാൽ മേൽ സ്ഥാപനം തുക അടവാക്കുവാൻ തയ്യാറായില്ല. പകരം കെട്ടിട നികുതി കുറച്ച് കൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് അപേക്ഷ നൽകുകയും ചെയ്തു. 13.06.2017 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സഹായത്തോടെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്ഥല പരിശോധന നടത്തുവാൻ തീരുമാനിച്ചു. ആയതനുസരിച്ച് 12.07.2017 ലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം നിലവിലുണ്ടായിരുന്ന എല്ലാ കെട്ടിടങ്ങളും പുതുക്കി പണിതതായും, ഓഫീസ് കെട്ടിടങ്ങളിൽ എല്ലാം തന്നെ എ.സി ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതായും നിരവധി കൂട്ടിചേർക്കലുകൾ വരുത്തിയിട്ടുള്ളതായും കെട്ടിട നികുതി പുനർ നിർണ്ണയിക്കാമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് ഗ്രാമപഞ്ചായത്ത് നികുതി അടയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് റവന്യൂ റിക്കവറി നോട്ടീസ് അയ്ക്കുകയും 08.01.2018ൽ ഫയൽ ചെയ്ത ഹർജി പരിഗണിച്ച് സ്ഥാപനത്തിനെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ ബഹു.കേരള ഹൈക്കോടതി സ്റ്റേ ചെയ്തു ഉത്തരവിട്ടു. സ്റ്റേ ഉത്തരവിനെതിരെ ഗ്രാമപഞ്ചായത്ത് എതിർ സത്യവാങ്മൂലം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലെ സ്ഥിതി അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ കേസ് തീരുമാനമാകുന്ന മുറയ്ക്ക് നികുതി അടപ്പിക്കുന്നതാണെന്ന് അറിയിച്ചു. മേൽ നമ്പർ കെട്ടിടങ്ങളുടെ പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി ഈടാക്കേണ്ടതും,പുതിയതായി കൂട്ടിചേർക്കപ്പെട്ട കെട്ടിടങ്ങൾ ക്രമവത്ക്കരിക്കാനുണ്ടെങ്കിൽ ആയതും കേസ് തീരുന്ന മുറയ്ക്ക് ക്രമവത്ക്കരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-17 കെട്ടിടങ്ങളുടെ വാടക – കുടിശ്ശിക പൂർണമായി ഈടാക്കിയില്ല

വാർഷിക കണക്കുകളും വാടക രജിസ്റ്ററും പരിശോധിച്ചതിൽ 2018-19 വർഷം (191909/- Current , 4384/- Arrear) കെട്ടിടങ്ങളുടെ വാടകയിനത്തിൽ 195293/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു.വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-4, തീയതി-21/8/19) മറുപടിയായി താഴെപ്പറയുന്ന വാടകക്കുടിശ്ശികയുള്ള വ്യക്തികളിൽ നിന്നും കുടിശ്ശിക തുക ഈടാക്കുന്നതിലേക്ക് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് വരികയാണെന്ന് അറിയിച്ചിട്ടുണ്ട്. ഓഡിററ് തീയതി വരെയും കുടിശ്ശിക തീർപ്പാക്കാത്ത ലൈസൻസികളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു. കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജിതപ്പെടുത്തേണ്ടതാണ്.

| ക്രമ നം | വാടകക്കാരന്റെ പേര് കടമുറി നം | പ്രതിമാസ വാടക (കാലയളവ്) | 31.3.19 വരെയുള്ള കുടിശ്ശിക | റിമാർക്സ് |
|---|---|---|---|---|
| 1 | ബാവച്ചൻ വർഗീസ് 6/411 | 16809 (2018 ജൂലൈ * - 2019 മാർച്ച്) | 142551 | റവന്യൂറിക്കവറി നടപടികൾ തുടരുന്നു. |
| 2 | സി.എം വീജയൻ 11/338 A | 2033 (2018 ഏപ്രിൽ – 2019 മാർച്ച്) | 24396 | ടി |
| 3 | ബിജുഎൻ.എ 11/338 D | 550 (2018 ജൂൺ – 2019 മാർച്ച്) | 4950 | ടി |
| 4 | ബാബു.കെ.കെ 11/338 C | 310 (2019 ഫെബ്രുവരി, മാർച്ച്) | 620 | ടി |
| 5 | ബാബു.കെ.കെ 11/338 E | 310 (2019 ഫെബ്രുവരി, മാർച്ച്) | 620 | ടി |
| 6 | പി.ആർ.സജീന്ദ്രൻ 6/528 B | 1481 (2018 ഏപ്രിൽ – 2019 മാർച്ച്) | 17772 | ടി |

* ജൂലൈ മാസത്തെ 8,079/- രൂപ അടയ്ക്കുവാൻ ഉണ്ട്. (16809-8730).

എന്നാൽ അരിയർ ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള 4384/- രൂപ 2014-15 മുതൽ ക്യാരി ഓവർ ചെയ്ത് വരുന്നതാണെന്നും ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ ടി കുടിശ്ശികയുള്ളതായി കാണുന്നില്ലെന്നും ആയത് ഡി സി ബി രജിസ്റ്ററിൽ തെറ്റായി വന്നതിനാൽ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടു വന്നതാണെന്നും വാടക രജിസ്റ്ററിൽ നിന്ന് ഒഴിവാക്കുന്ന മുറയ്ക്ക് വാർഷിക കണക്കുകളിൽ മാറ്റം വരുത്തുന്നതാണെന്നും എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ച് പ്രസ്തുത തുക ബാധ്യത ഹെഡിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

## 1-18 സർക്കാർ അംഗീകരിച്ച നിരക്കിലും അധികമായി തുക നൽകി

| | |
|---|---|
| പ്രോജക്ട്, പ്രോജക്ട് നമ്പർ | കടമറ്റം ഗവ.യു പി സ്കൂളിന് സ്മാർട്ട് ക്ലാസ്സ് റൂം S0155/19 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി സ്കൂൾ, പാങ്കോട് |
| അടങ്കൽ | 2,00,000 |
| ചെലവ് | 1)17/18-19- 95,500/-<br>2)18/18-19- 85,000/- |

കടമറ്റം ഗവ.യു പി സ്കൂളിന് സ്മാർട്ട് ക്ലാസ്സ് റൂം ആക്കി മാറ്റുന്നതിന് വേണ്ടി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. അതനുസരിച്ച് 28.09.2018ൽ ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറവ് ക്വാട്ട് ചെയ്ത ആർ ജെ

എന്റർപ്രൈസസ്, കളത്തിപ്പടി, കോട്ടയം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയുണ്ടായി. സ്കൂളുകളിൽ കംപ്യൂട്ടർ, പ്രൊജക്ടർ മുതലായവ വാങ്ങുന്നതുമായി ബന്ധപ്പെട്ട സ.ഉ. (സാധാ) 97/2018/ പൊതു വിദ്യാഭ്യാസ വകുപ്പ് തീയതി 06.01.2018 ൽ അനുവദിച്ചിരിക്കുന്നതിലും ഉയർന്ന വിലയ്ക്കാണ് പ്രൊജക്ടർ വാങ്ങിയിരിക്കുന്നതായി കാണുന്നത്.

<u>വിശദവിവരങ്ങൾ ചുവടെ.</u>

| ഇനം | സ.ഉ.(സാധാ)97/2018/പൊ.വി. വകുപ്പ് തിയ്യതി 6.1.2018 പ്രകാരമുള്ള വില (ജി. എസ്. ടി. ഉൾപ്പെടെ) | യഥാർത്ഥത്തിൽ നൽകിയ വില (ജി.എസ്.ടി.ഉൾപ്പെടെ) | വില വ്യത്യാസം | വാങ്ങിയ സാധനങ്ങളുടെ എണ്ണം | ആകെ അധികം നൽകിയവില |
|---|---|---|---|---|---|
| പ്രൊജക്ടർ | 23860 | 40500 | 16640 | 1 | 16640 |

സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചതിനേക്കാൾ കൂടുതലായി 16,640/-രൂപ നൽകിയതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.03/19.08.19 ന് ലഭിച്ച മറുപടിയിൽ വൈദ്യുത ഉപയോഗം കുറയ്ക്കുന്നതിനായി മാർഗരേഖയിൽ പരാമർശിക്കാത്ത ചില ഉപകരണങ്ങൾ കൂടി പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടി വന്നതാണ് വില കൂടാൻ കാരണമെന്ന് വിശദീകരിച്ചു.

എ) ബന്ധപ്പെട്ട സ്ഥാപനത്തിന്റെ ബില്ല് പരിശോധിച്ചതിൽ (ഇൻവോയ്സ് നം. RJE00921, തീ. 02.3.19) പ്രോജക്ടറിന് വേണ്ടി മാത്രമാണ് 40,500/- രൂപ ചെലവഴിച്ചതെന്ന് കാണുന്നു. മറ്റ് സാമഗ്രികൾ വാങ്ങിയതായി ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല.

ബി) മാർഗരേഖയിൽ അധികരിക്കാതെ ചെലവ് ചെയ്യേണ്ടതിന് പകരം അധിക തുക നൽകിയത് ശരിയായ നടപടിയല്ലാത്തതിനാലും അനുബന്ധ സാമഗ്രികൾ വാങ്ങിയതിനാലാണ് തുക അധികം ചെലവ് ചെയ്യേണ്ടി വന്നതെന്ന മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ലാത്തതിനാലും അധികമായി ചെലവഴിച്ച 16,640/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# 1-19 പൈപ്പ് ലൈൻ സ്ഥാപിച്ചതിലെ അപാകതകൾ

| പ്രോജക്ട് നം./ പേര് | S0150/19,കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | S0245/19, കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ |
|---|---|---|
| അടങ്കൽ | 69,924/- | 60,076/- |
| ചെലവ് | 69,924/- ബിൽ നം. 32/18-19/ 22.03.19 | 60,076/-ബിൽ നം. 33/18 – 19, 22.03.19 |

സെക്രട്ടറി നടപ്പാക്കിയ മേൽ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ താഴെപറയുന്ന ന്യൂനത കാണുന്നു.

1) ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിലെ കടയിരുപ്പ് ലക്ഷം വീട് കോളനിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനിയർ, കേരള വാട്ടർ അതോറിറ്റി, കൊച്ചിയ്ക്ക് തുക നൽകിയിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി മാന്വൽ കേരള വാട്ടർ അതോറിറ്റിയ്ക്കും ബാധകമായതിനാൽ എസ്റ്റിമേറ്റിന്റെ 10% സൂപ്പർ വിഷൻ ചാർജും 2.5% എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജായി നൽകാവുന്നതാണ്. എന്നാൽ പി.ഡബ്ല്യൂ.ഡി മാന്വൽ 1601.4 Deposit Works പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5% തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല. ( സർക്കാർ ഉത്തരവ് (സാധാ) നം. 1069/2018/ത.സ്വ.ഭ.വ.തി. 16.4.2018 ) ആയതിനാൽ 10% ആണ് സെന്റേജ് ചാർജായി നൽകാവുന്നത്. മേൽ പ്രോജക്ടുകളിൽ താഴെപറയുന്നപ്രകാരം 12.5% സെന്റേജ് ചാർജ് നൽകിയിട്ടുണ്ട് . തൻമൂലം പഞ്ചായത്തിന് താഴെപറയും പ്രകാരം 3,250/- രൂപ അധികം ചെലവുണ്ടായി.

| | |
|---|---|
| നികുതികൾ ഒഴികെ വാട്ടർ അതോറിറ്റിയ്ക്ക് നൽകിയതുക | 130000 |
| നൽകിയ സെന്റേജ് ചാർജ്(12.5%) | 16250 |
| നൽകാവുന്നത്(10%) | 13000 |
| അധികം നൽകിയത് | 3250 |

2) എക്സിക്യൂട്ടീവ് എഞ്ചിനിയർ,കേരള വാട്ടർ അതോറിറ്റി, കൊച്ചിയുടെ 10.04.2018ലെ IS/13/2019/Fund/WSDN/Kochi-18 കത്ത് പ്രകാരം വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പണമടച്ചത്

തിരിച്ചറിയാൻ കഴിയുന്നില്ല എന്ന് വ്യക്തമാക്കുകയുണ്ടായി. ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനവും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ബാനർജി റോഡിലുള്ള 57030128503 എന്ന അക്കൗണ്ടിലേക്കാണ് തുക നിക്ഷേപിച്ചിട്ടുള്ളത്. എന്നാൽ വാട്ടർ അതോറിറ്റിയെ സംബന്ധിച്ചിടത്തോളം ടി തുകകൾ ഏതൊക്കെയാണ് എന്ന് തിരിച്ചറിയാൻ കഴിയാത്തതിനാൽ രസീത് എഴുതുവാനോ, അക്കൗണ്ടിൽ ചേർക്കുവാനോ കഴിയുന്നില്ല എന്നും കത്തിൽ വിശദീകരിച്ചിട്ടുണ്ട്. ആയതിനാൽ കേരള വാട്ടർ അതോറിറ്റിയിൽ നാളിതുവരെ നിക്ഷേപിച്ചിട്ടുള്ള തുക, പ്രവൃത്തി, തീയതി എന്നിവയുടെ വിവരം, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം എന്നിവ കൂടി അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. സെന്റേജ് ചാർജിനത്തിൽ അധികമായി നൽകിയ 3,250/- രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും ഈടാക്കേണ്ടതും നാളിതു വരെ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുള്ള തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രമോ, പൂർത്തീകരണ വിവരമോ അറിയിക്കേണ്ടതുമാണ്.

# 1-20 മരുന്നുകൾ പൂർണമായി ലഭ്യമായില്ല

താഴെ പറയുന്ന മെഡിക്കൽ ഓഫീസർമാർ ഇൻഡന്റ് പ്രകാരമുള്ള മരുന്നുകളുടെ വില വിവിധ ഏജൻസികൾക്ക് മുൻകൂറായി നല്കിയെങ്കിലും നാളിതുവരെ ഇൻഡന്റ് പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. <u>മെഡിക്കൽ ഓഫീസർ C H C.</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | 51/2019 |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 6,00,000/-രൂപ ( വികസന ഫണ്ട് ) |
| ആകെ ചെലവ് | 5,39,629/- (വി. ഫ.)<br>വിവിധ ബില്ലുകളിലായി മാറിയിരിക്കുന്നു. |
| മരുന്നിനുവേണ്ടി മാത്രം ചെലവഴിച്ച തുക (ബിൽ നം.11, തീയതി. 11/3/2019). | 90,000/-രൂപ<br>(കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ) |
| ലഭിച്ച മരുന്നുകൾ | മരുന്നുകളൊന്നും തന്നെ ലഭ്യമായിട്ടില്ല. |

2. <u>മെഡിക്കൽ ഓഫീസർ ഹോമിയോ.</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | 27/2019 |
| പ്രോജക്ടിന്റെ പേര് | ഗവ.ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 3,00,000/-രൂപ ( റോഡിതരം) |
| ചെലവ്- ബിൽ നം.1,<br>തീയതി. 11/10/2018. | 3,00,000/-രൂപ (ഹോംകോ) |
| ലഭിച്ച മരുന്നുകളുടെ വില | 1,64,580/-രൂപ. |
| ലഭിക്കുവാൻ ബാക്കിയുള്ള മരുന്നുകളുടെ വില | 1,35,420/-രൂപ. |

3. <u>മെഡിക്കൽ ഓഫീസർ ആയുർവേദം.</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | 17/2019 |
| പ്രോജക്ടിന്റെ പേര് | ഗവ.ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 5,50,000/-രൂപ (റോഡിതരം) |
| ചെലവ്- ബിൽ നം.1,<br>തീയതി. 11/10/2018. | 5,50,000/-രൂപ , ( ) |
| ലഭിച്ച മരുന്നുകളുടെ വില | 5,04,704/-രൂപ. |
| ലഭിക്കുവാൻ ബാക്കിയുള്ള<br>മരുന്നുകളുടെ വില | 45,296/-രൂപ. |

ബാക്കി ലഭിക്കുവാനുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്

# 1-21 വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ താഴെ കൊടുത്തിരിക്കുന്ന പ്രൊജക്ടുകളുടെ ചെലവുകളുടെ വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം. പേര് | ചെക്ക് നം. / ബിൽ നം. തിയതി | തുക | ഡെപ്പോസിറ്റ് ചെയ്തത് |
|---|---|---|---|---|
| 1 | S0160/19, പൈപ്പ് ലൈൻ നീട്ടൽ<br>(1.നമ്പ്യാർപടി കടമറ്റം റോഡിൽ വാർഡ് 7 ൽ<br>50 മി.മി. പിവി.സി. പൈപ്പ് 180 മീറ്റർ ദീർഘിപ്പിക്കൽ. തുക 78,000/-<br>2. കുരാച്ചാൽ കനാൽ ബണ്ട് റോഡ് വാർഡ് 11 തുക 56,000/-<br>3. തടമ്പാട് റോഡ് ഇരിക്കത്താഴം റോഡ് വാർഡ് 1 – തുക 60,000/-) | 2653818/8.2.2019 | 1,94,000.00 | വാട്ടർ അതോറിറ്റി |
| 2 | S0035/19 ,<br>ബഡ്സ് സ്കൂൾ നിർമ്മാണം | 28/24.9.2018 | 5,00,000.00 | ജില്ലാ പഞ്ചായത്ത് എറണാകുളം |
| 3 | S0038/19,<br>മനയത്തുപീടിക വനിത ക്ഷേമ കേന്ദ്രം | 27 /24.9.2018 | 10,00,000.00 | ജില്ലാ പഞ്ചായത്ത് എറണാകുളം |
| 4 | S0156/19,<br>മെഡിക്കൽ കോളേജ് മഴുവന്നൂർ റോഡ് റീ ടാറിംഗ് | 26 /24.9.2018 | 8,90,000.00 | ജില്ലാ പഞ്ചായത്ത് എറണാകുളം |

പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

# 1-22 പ്രവൃത്തി ഏറ്റെടുക്കാതിരുന്ന കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതൽ കൂട്ടിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രൊജക്ടുകളിൽ നാലു പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് കരാറുകാരനായ ശ്രീ പി.എം. ഷെമീർ ഏറ്റെടുത്തിരുന്നു. എന്നാൽ ആരോഗ്യപരമായ കാരണങ്ങളാൽ പ്രവൃത്തി നടത്താൻ കഴിയില്ലെന്നറിയിച്ചതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി നടപ്പിലാക്കുവാൻ ഭരണ സമിതി

തീരുമാനിച്ച (തീരുമാനം.5/5 തീ. 24.12.18). ഈ പ്രവൃത്തികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതൽ കൂട്ടിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം | പേര് | സെക്യൂരിറ്റി നിക്ഷേപം |
|---|---|---|---|
| 1 | S0197/19 | കിടാച്ചിറ ഐനിക്കോൾ റോഡ് റീ ടാറിംഗ് , സംരക്ഷണ ഭിത്തി നിർമ്മാണം | 25,000/- |
| 2 | S0208/19 | കൊഌകാട്ടി പീടിക കോളനി റോഡ് റീ ടാറിംഗ് | 23,750/- |
| 3 | S0184/19 | സിണൈറ്റ് ഇംഗ്ലീഷ് മീഡിയം റോഡ് റീ ടാറിംഗ് | 7,500/- |
| 4 | S0192/19 | മറ്റപ്പിള്ളി കുരിശ് ചക്യാംപുറം റോഡ് റീ ടാറിംഗ് | 11,500/- |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13) മറുപടിയൊന്നും ലഭിച്ചില്ല. തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുവേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

# 1-23 തെരുവ് വിളക്കുകൾ സ്ഥാപിയ്ക്കൽ- അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ്,<br>പ്രോജക്റ്റ് നമ്പർ | തെരുവ് വിളക്കുകൾ സ്ഥാപിയ്ക്കൽ,<br>എസ് 0107/19 |
| നിർവ്വഹണം | സെക്രട്ടറി |
| കരാറുകാരന് നൽകിയ തുക | 602000/- |
| ബിൽ നമ്പർ/തീയതി | 31/18-19,26.03.2019 |

ഭരണസമിതിയുടെ 26.11.2018 ലെ 4 (6) തീരുമാനപ്രകാരം തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി സെന്റം ട്രേഡ് ലിങ്ക്സ്, എറണാകുളം എന്ന സ്ഥാപനത്തിന്റെ വിളക്കൊന്നിന് 1204/- രൂപയുടെ ടെണ്ടർ അംഗീകരിക്കുകയും 14.01.2019 ന് ഇത് സംബന്ധിച്ച് മേൽ സ്ഥാപനവുമായി A3,10/18 പ്രകാരം ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെടുകയും ചെയ്തു. ഈ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 18Wattsന്റെ 500 LED ബൾബ് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള ഈ പ്രോജക്റ്റിൽ എറണാകുളത്തുള്ള സെന്റം ട്രേഡ് ലിങ്ക്സിന്റെ ബിൽ പ്രകാരം 6,02,000/- രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത വിളക്കുകൾ സ്ഥാപിച്ചതായി കെ.എസ്.ഇ.ബിയിൽ നിന്നും ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിട്ടിയില്ല.

2) 14.01.2019 ന് ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെടും മുമ്പേ സ.ഉ. നം, 65529/ഡി സി 3/ ത സ്വ ഭ വ 12.03.13 ലെ നിർദ്ദേശ പ്രകാരം വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

3) എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടു കൂടിയ ഓട്ടോമാറ്റിക്ക് തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് ത.സ്വ.ഭ.വകുപ്പിന്റെ 12.03.2013ലെ 65529/DC3/12 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചതായി കാണുന്നില്ല.

4) തെരുവ് വിളക്കുകളുടെ ചാർജ്ജ് ഇനത്തിൽ 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ പ്രതിമാസം 73782/- രൂപ നിരക്കിൽ അടച്ചിട്ടുണ്ട് (ആകെ 885384/- രൂപ). നിലവിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച വിവരം ലഭ്യമല്ല. കെ.എസ്.ഇ.ബി.ഓരോ മാസവും നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിലാണ് തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ് അടവാക്കുന്നത്. മറുപടിയിൽ അനിവാര്യ ചുമതലയിൽപ്പെട്ടതായതിനാലാണ് ഇക്കാര്യം നടപ്പിലാക്കിയതെന്ന റിയിച്ചിട്ടുണ്ട്. ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

# 1-24 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട്, പ്രോജക്ട് നമ്പർ | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (ജനറൽ), S0046/19 |
| നിർവ്വഹണം | വി ഇ ഒ, കോലഞ്ചേരി |
| ചെലവ് വിവരം | 40000/- ബിൽ നം.01/18-19/ 29.06.2018 |

ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നൽകുന്നതിനു വേണ്ടി ആവിഷ്കരിച്ചതാണീ പ്രോജക്ട്. അതനുസരിച്ച് വാർഡ് 8 ലെ, സൂസന്ന ബേബി, കിഴക്കേൽകുടിയിൽ, കോലഞ്ചേരി എന്ന ഗുണഭോക്താവിന് ആദ്യ ഗഡുവായി 40,000/- രൂപ നൽകിയെങ്കിലും തുടർന്ന് ഗുണഭോക്താവ് ധനസഹായം കൈപ്പറ്റുകയോ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. ആയത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 2-1 ഇല്ല

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 അങ്കണവാടിയിലേക്ക് കസേര വാങ്ങിയതിലെ അപാകത

| | |
|---|---|
| പ്രോജക്ട്, പ്രോജക്ട് നം | അങ്കണവാടിയിലേക്ക് കസേര വാങ്ങൽ, S0063/19 |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |
| നൽകിയ തുക, ബിൽ നം | 79590/- 06/18-19, 24.02.2019 |

ഗ്രാമപഞ്ചായത്തിലെ വിവിധ അംഗൻവാടികളിലേയ്ക്ക് 210 കസേര വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. ആയതു പ്രകാരം ടെണ്ടർ ക്ഷണിക്കുകയും മാത്യൂ ആന്റ് സൺസ്, കുറവിലങ്ങാട്, കോട്ടയം എന്ന സ്ഥാപനവും, ജെ എം ട്രേഡേഴ്സ്, തിരുവാങ്കുളം എന്ന സ്ഥാപനവും ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 03.11.2018 തീയതിയിലെ 3(3)-ാം നമ്പർ തീരുമാന പ്രകാരം കുറഞ്ഞ ടെണ്ടർ സമർപ്പിച്ച മാത്യൂ ആന്റ് സൺസ്, കുറവിലങ്ങാട്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും കസേര വാങ്ങുന്നതിനായി തീരുമാനിക്കുകയും ചെയ്തു. മേൽ സ്ഥാപനം തന്നെ ഒരു കസേരയ്ക്ക് 368/- രൂപയുടെ കുറഞ്ഞ നിരക്കിലുള്ള നിരക്കും, 379/- രൂപയുടെ കൂടിയ നിരക്കിലുള്ള ടെണ്ടറും നൽകിയിരുന്നു. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കുന്നതിനു പകരം ഉയർന്ന നിരക്കിലുള്ള ടെണ്ടറാണ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളത്. എന്നാൽ സാധനങ്ങളുടെ ഗുണ നിലവാര പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിലല്ല ഇപ്രകാരം തീരുമാനമെടുത്തിട്ടുള്ളത്.

| | | |
|---|---|---|

| നൽകിയ നിരക്കും തുകയും | നൽകാവുന്ന നിരക്കും തുകയും | അധികം നൽകിയ തുക |
|---|---|---|
| 210 x 379 = 79,590/- | 210 x 368 = 77,280/- | 2,310/- |

പദ്ധതി മാർഗ്ഗരേഖയിൽ വിഭവ സമാഹരണത്തിൽ പരമാവധി കാര്യക്ഷമതയും മിതവ്യയവും പാലിക്കണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ടെന്നിരിക്കെ വ്യക്തമായ തെളിവുകളുടെയോ ശാസ്ത്രീയ പരിശോധനയുടെയോ അടിസ്ഥാനത്തില്ലാതെ ഉയർന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ഏറ്റവും കുറഞ്ഞ തുകയായി ക്വാട്ട് ചെയ്ത 368/-രൂപയുടെ കസേര ബ്രാൻഡഡ് അല്ലാത്തതും ഐ.എസ്.ഒ സർട്ടിഫൈഡ് കമ്പനിയുടേത് അല്ലാത്തതും പരിശോധന നടത്തിയപ്പോൾ തീരെ ബലം കുറഞ്ഞതും ആയിരുന്നു എന്നാണ്. എന്നാൽ ടെണ്ടർ ക്ഷണിക്കുമ്പോൾത്തന്നെ സ്പെസിഫിക്കേഷനിൽ സാധനങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച നിബന്ധനകൾ ഉൾപ്പെടുത്തിയിരുന്നില്ല. അതായത് സാധനങ്ങളുടെ ഗുണ നിലവാര പരിശോധന ഉറപ്പുവരുത്തുന്ന ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, ഉദാ- ഐ.എസ്.ഒ, ബി.ഐ.എസ്സ്/ ശാസ്ത്രീയ പരിശോധന നടത്തിയതിന്റെ രേഖകൾ ടെണ്ടർ ലഭിച്ചതിനു ശേഷം മതിയായ തെളിവുകളോ പരിശോധനയോ നടത്താതെ സാധനങ്ങൾക്ക് ഗുണനിലവാരമില്ല എന്നു പറയുന്നതിൽ അസ്വാഭാവികതയുണ്ട്. ആയതിനാൽ അധികമായി നൽകിയ 2,310/-രൂപ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 550000 | പാൽ ഇൻസെന്റീവ് | 550000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 400000 | സമഗ്ര നെൽകൃഷി വികസനം | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 131800 | പാൽ ഇൻസെന്റീവ് | 131800 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 580000 | മാച്ചേരികുടി എസ്.സി. കോളനി നവീകരണം | 0 | 580000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2100000 | ഭജനമഠം എസ്.സി. കോളനി നവീകരണം | 0 | 2100000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 3483000 | മനയത്ത് പീടിക ഹരിജൻ കോളനി നവീകരണം | 0 | 3483000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ | കുടിവെള്ള പൈപ്പ് | 21801277 / | 69924 | 0 | 69924 |

| | | | | | |
|---|---|---|---|---|---|
| അതോറിറ്റി | ലൈൻ സ്ഥാപിക്കൽ | 19.3.2019 | | | |
| വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ അധിക തുക നൽകൽ | 21801278/ 19.3.2019 | 60076 | 0 | 60076 |
| വാട്ടർഅതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 21800942/ 8.2.2019 | 194000 | 0 | 194000 |
| KSEB | പോസ്റ്റ് ഷിഫ്റ്റിംഗ് | 21901056/ 8.3.2019 | 6423 | 6423 | 0 |
| KSEB | മുറിമറ്റം പീടിക അംഗൻവാടിക്ക് പോസ്റ്റ് ഇട്ട് ലൈൻ വലിക്കലും വൈദ്യുതികരണവും | 21800706/ 28.11.2018 | 43836 | 43836 | 0 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2017-18വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

(ബാലൻസ് ഷീറ്റിൽ വായ്പായിനത്തിൽ 28711/- രൂപയുണ്ട്. ഈ തുക ഈ അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ടായിരുന്ന തുകയും അതിന് ലഭിച്ച പലിശയുമാണ്. തുക തിരിച്ചടക്കുന്നതിന് കഴിയാത്തതിനാലാണ് ക്ലോസ് ചെയ്യാൻ കഴിയാത്തതെന്നും അറിയിച്ചിട്ടുണ്ട്).

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| ഇനം | തുക |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 12704187 |
| തൻവർഷം നിക്ഷേപിച്ച് തുക (പലിശ ) | 468750 |
| ആകെ | 13172937 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 13172937 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | എറണാകുളം ജില്ലാ സഹകരണ ബാങ്ക് 0951143/ 18.8.2014 | 204187 |
| 2 | എറണാകുളം ജില്ലാ സഹകരണ ബാങ്ക് 7385/ 22.3.2018 | 7781250 |
| 3 | എറണാകുളം ജില്ലാ സഹകരണ ബാങ്ക് 7385/ 22.3.2018 | 5187500 |
| | | 13172937 |

## 4-6. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തുകയൊന്നും വരവില്ല.

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-2 | 2015-16 | അനുബന്ധം 5 | തൊഴിൽ നികുതി | തുക ഒടുക്കിയതായി അറിയിച്ചിട്ടുണ്ട് |

## 4-8. ചാർജ് / സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

## 4-9. ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 97286323.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64242516.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,310 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16,640 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 3-`1 | - | 2,310/- | ശ്രീമതി വന്ദന വി,<br>ഐ.സി.ഡി.എസ്., സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 16,640/- | ശ്രീമതി ശ്രീമതി കുസുമം എൻ.എം.<br>ഹെഡ്മിസ്ട്രസ് |
| ആകെ | 16,640/- | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(എഫ്)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി വന്ദന വി,<br>ഐ.സി.ഡി.എസ്.,സൂപ്പർവൈസർ | ഐ.സി.ഡി. എസ്., സൂപ്പർവൈസർ,<br>ഐക്കരനാട് പഞ്ചായത്ത് | ലോട്ടസ് ഗാർഡൻ,<br>ഫോർട്ട്, തൃപ്പൂണിത്തുറ |

# 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2007-08, 08-09 & 2010-11 | കെ.എസ്.എ..ഇ.കെ.എം.(പി1) 636/19. തി. 09.07.2019 | 4 |
| 2009-10 | കെ.എസ്.എ..ഇ.കെ.എം.(പി1) 636/19. തി. 09.07.2019 | 3 |
| 2011-12 | കെ.എസ്.എ..ഇ.കെ.എം.(പി1) 636/19. തി. 09.07.2019 | 3 |
| 2012-13<br>2013-14 | കെ.എസ്.എ..ഇ.കെ.എം.(പി1) 234/18. തി. 24.5.2019 | 15 |
| 2014-15 | കെ.എസ്.എ..ഇ.കെ.എം.(പി1) 235/18, തി.16.2.2018 | 3 |
| 2015-16 | കെ.എസ്.എ..ഇ.കെ.എം.(പി1) 236/18, തി.15.2.2018 | 6 |
| 2016-17 | കെ.എസ്.എ..ഇ.കെ.എം.(പി1) 1501/17, തി. 4.5.2018 | 14 |
| 2017-18 | കെ.എസ്.എ..ഇ.കെ.എം.(പി1) 2318/18, തി. 8.7.2019 | 6 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# <u>അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് -4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 295(4) എന്നിവ അനുസരിച്ചും പഞ്ചായത്തുകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

<u>അപാകതകളുടെ സംഗ്രഹം</u>

1. സ.ഉ.(എം.എസ്)152/2011/തസ്വഭവ/26.07.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
2. ഗ്രാമപഞ്ചായത്തിലെ എസ്.ജി.ആർ.വൈ.അക്കൗണ്ടിൽ ഉണ്ടായിരുന്ന 218314.89 രൂപ യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ (അക്കൗണ്ട് നം.338502010008546) നിഷ്ക്രിയ അക്കൗണ്ട് എന്ന കാരണം പറഞ്ഞ് തിരികെ എടുത്തിരുന്നു. ആയതിനാൽ തൻവർഷത്തെ ബാലൻസ് ഷീറ്റിൽ ഈ തുക ഇല്ല. (പിന്നീട് ഗ്രാമപഞ്ചായത്ത് ബാങ്കുമായി നടത്തിയ നിരവധി കത്തിടപാടുകളുടെ അടിസ്ഥാനത്തിൽ 10.06.2019 ൽ മേൽ തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ തിരികെ വന്നിട്ടുണ്ട്.)

ഡെപ്യൂട്ടി ഡയറക്ടർ

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **AIKKARANAD** Grama Panchayat in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting rule 2011, and the guidelines issued by the Comptroller and Auditor General of India for the purpose of Certification of Accounts of Panchayat Raj Institutions, and the instructions vide G.O.(Rt)1413/2018/LSGD dated 22/05/2018.

In my opinion the Annual Financial Statement of Aikkaranad Grama Panchayat for the year 2018-19 subject to the observations in the Appended, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

## Abstract of Defects

1. All assets including land has not been completely included in the asset register and not reconciled with the Annual financial statement as instructed in G.O.(M.S)152/2011/LSGD dated 26.07.2011. The Sachitra software that records assets has not been linked with Sankhya software. Since, the accounting of assets has not been completed, it is not possible to ensure the accuracy of Panchayath fund.

2. The closing balance of Rs.218314.39 in Unior Bank of India has been withdrawn by the bank as the account is not inoperative, therefore the amount is not included in balance sheet (After correspondence with the Bank the amount credited to account on 10.06.2019).

DEPUTY DIRECTOR

sj